## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 341. 09.03.2015 ൽ മറുപടിയ്ക്ക്.

## റോഡ് ടാക്സ്

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വാഹനങ്ങളുടെ റോഡ് ടാക്സ് സ്വീകരിക്കുന്ന രീതിയിലോ തോതിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്നതിന്റെ വിശദവിവരം നല്കാമോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വാഹനങ്ങളുടെ റോഡ് ടാക്സ് സ്വീകരിക്കുന്ന രീതിയിലും തോതിലും താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.<br>(1) വാഹനങ്ങൾക്ക് നികുതി ഇ-പേയ്മെന്റ് സമ്പ്രദായം വഴി അടയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി. അതുപോലെ തന്നെ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി ക്യാഷ് ആയും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.<br>(2) പുതിയ ടാക്സികൾക്ക് അവയുടെ വിലയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതി ഏർപ്പെടുത്തി.<br>(3) 20 ലക്ഷത്തിൽ കൂടുതൽ വിലയുള്ള ആഡംബര കാറുകളുടെയും ടാക്സികളു-ടെയും നികുതി, വാങ്ങൽ വിലയുടെ 20% ആയി ഉയർത്തി.<br>(4) ആഡംബര ബൈക്കുകളുടെ നികുതി 7% ആയി വർദ്ധിപ്പിച്ചു.<br>(5) കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ സീറ്റുകളുടെ സൗകര്യത്തിനനുസരിച്ച് ഓർഡിനറി, പുഷ് ബാക്ക്, സ്ലീപ്പർ എന്നീ വിഭാഗങ്ങളായി തിരിച്ച് പ്രത്യേക നികുതി നിരക്ക് ഏർപ്പെടുത്തിയതിനോടൊപ്പം അന്യ സംസ്ഥാനത്തു നിന്നുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്കും പ്രത്യേക നികുതി നിരക്ക് ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | (6) പഴയ മോട്ടോർ കാർ, മോട്ടോർ സൈക്കിൾ എന്നിവയ്ക്ക് 5 വർഷത്തേയ്ക്ക് ഒരുമിച്ച് നികുതി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br><br>സംസ്ഥാനത്തെ മോട്ടോർ വാഹന നികുതി നിയമത്തിൽ കൊണ്ടുവന്ന പ്രസ്തുത ഭേദഗതികൾ ഉൾപ്പെട്ട 2014 കേരള ഫിനാൻസ് ആക്ടിലെ സെക്ഷൻ 7 ന്റെ പ്രസക്ത ഭാഗം അനുബന്ധം 1 ആയും, 2014 ലെ കേരള ടാക്സേഷൻ ലാസ് (അമെന്റ്മെന്റ്) ആക്ടിലെ സെക്ഷൻ 6 ന്റെ പ്രസക്ത ഭാഗം അനുബന്ധം 2 ആയും ചേർത്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഓണേഴ്സ് വാഹനങ്ങൾക്കും ടാക്സികൾക്കും റോഡ് ടാക്സ് സ്വീകരിക്കുന്ന രീതിയിൽ വരുത്തിയ മാറ്റം സാധാരണക്കാർക്ക് പ്രയാസമുണ്ടാക്കുന്നുണ്ടെന്ന കാര്യം അറിവുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) | ടാക്സികൾക്ക് ഒറ്റത്തവണ നികുതി ഏർപ്പെടുത്തിയതിനെതിരെ വാഹന ഉടമകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ലക്ഷങ്ങൾ വിലമതിക്കുന്ന ആഢംബര കാറുകൾ ടാക്സിയായി രജിസ്റ്റർ ചെയ്ത് സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സ്വകാര്യ വാഹനങ്ങളുടെയും ടാക്സികളുടെയും നികുതി നിരക്കുകൾ ഏകീകരിച്ചത്. എന്നാൽ ടാക്സികളുടെ ഒറ്റത്തവണ നികുതി 15 വർഷത്തേയ്ക്ക് സ്വീകരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിനാൽ സ്വകാര്യ വാഹനങ്ങളുടേതിൽ നിന്നും വ്യത്യസ്തമായി ടാക്സികളുടെ നികുതി ഇപ്പോൾ 5 വർഷത്തേയ്ക്കാണ് സ്വീകരിക്കുന്നത്. |
| (സി) | ഓണേഴ്സ് വാഹന ഉടമകൾ റോഡ് ടാക്സ് കാലാവധി കഴിയുന്ന മുറയ്ക്ക് നേരത്തെ രണ്ടു കൊല്ലത്തേക്ക് ഒരുമിച്ചടച്ചിരുന്നത് ഇപ്പോൾ അഞ്ചു കൊല്ലത്തേക്ക് മാത്രമേ അടയ്ക്കാനാവൂ എന്ന് നിർബന്ധിക്കുന്ന വ്യവസ്ഥ സാമ്പത്തിക ബുദ്ധിമുട്ടുള്ള പലർക്കും പാലിക്കാനാകുന്നില്ലെന്ന വസ്തുത | (സി) & (ഡി) | പഴയ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലവധിയായ 15 വർഷം കഴിയുന്ന മുറയ്ക്ക് അവർ അടച്ച നികുതിയുടെ കാലാവധിയും കഴിയും. പിന്നീട് രജിസ്ട്രേഷൻ പുതുക്കി കൊടുക്കുന്നത് 5 വർഷത്തേയ്ക്കാണ്. ആയതിനാൽ നികുതിയും 5 വർഷത്തേയ്ക്ക് |

| | | | |
|---|---|---|---|
| | ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ; ഇതിൽ ആർക്കെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; | | അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇതുമൂലം വാഹന ഉടമകൾക്ക് നികുതി അടയ്ക്കുന്നതിന് ഓഫീസുകളിൽ കയറിയിറങ്ങുന്നത് ഒഴിവാക്കാനും ആർ.ടി. ഓഫീസുകളുടെ തിരക്ക് ഒരു പരിധി വരെ കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ നികുതി അടയ്ക്കുന്നതിൽ നിന്നും ആരേയും ഒഴിവാക്കിയിട്ടില്ല. ഈ വ്യവസ്ഥ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ഇക്കാര്യത്തിൽ ഓണേഴ്സ് വാഹന ഉടമകളെ അധിക കാലത്തേക്ക് ടാക്സ് അടയ്ക്കുന്നതിന് നിർബന്ധിക്കുന്ന വ്യവസ്ഥ മാറ്റുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**